പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 42

# 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. പി. ടി. തോമസ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

93/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 42

# 2017-ലെ കേരള കാൽനട യാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. പി. ടി. തോമസ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് കാൽനടയാത്രക്കാർ റോഡപകടങ്ങളിൽ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൽനടയാത്രക്കാർക്ക് അപകടം കൂടാതെ റോഡിലൂടെ യാത്ര ചെയ്യുന്നതിനും അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരു അതോറിറ്റി രൂപീകരണം വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് കാൽനടയാത്രക്കാർ റോഡപകടങ്ങളിൽ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൽനടയാത്രക്കാർക്ക് അപകടം കൂടാതെ റോഡിലൂടെയുള്ള യാത്രചെയ്യുന്നതിനും അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതും അനിവാര്യമായി തീർന്നിരിക്കുന്നതിനാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം ഒരു നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ടിന് 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ആക്ട് എന്ന് പേര് പറയാം;

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റുവിധത്തിൽ വിവക്ഷിക്കപ്പെടാത്ത പക്ഷം,—(1) 'അതോറിറ്റി' എന്നാൽ, 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി എന്നാകുന്നു;

(2) 'സർക്കാർ' എന്നാൽ, കേരള സർക്കാർ എന്നർത്ഥമാകുന്നു;

(3) 'വിജ്ഞാപനം' എന്നാൽ, ഈ ആക്ടനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(4) 'സംസ്ഥാനം' എന്നാൽ, കേരള സംസ്ഥാനം എന്നാകുന്നു;

(5) 'വകുപ്പ്' എന്നാൽ, ഈ ആക്ടിലെ ഒരു വകുപ്പ് എന്നാകുന്നു.

3. കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണം.—(1) സർക്കാർ ഒരു ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി എന്നപേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്;

(2) അതോറിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ അധികം ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നും പുനർവിന്യാസം വഴി നിയമിക്കാവുന്നതാണ്;

(3) അതോറിറ്റി ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര-ജംഗമ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുള്ള അധികാരത്തോടുകൂടിയതും ആയിരിക്കും.

4. അതോറിറ്റിയുടെ ഘടന.—അതോറിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്;

(1) സംസ്ഥാനത്തെ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധികൾ;

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പാസഞ്ചേഴ്സ് അസോസിയേഷന്റെ പ്രതിനിധി;

(3) സംസ്ഥാന ഗതാഗത വകുപ്പ് സെക്രട്ടറി;

(4) സംസ്ഥാന പൊതുമരാമത്തു വകുപ്പ് സെക്രട്ടറി;

(5) സംസ്ഥാന പോലീസ് മേധാവി;

(6) ഗതാഗത വകുപ്പ് കമ്മീഷണർ;

(7) പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ;

(8) സംസ്ഥാന നിയമവകുപ്പ് സെക്രട്ടറി;

(9) സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ.

5. <u>അതോറിറ്റിയുടെ ആസ്ഥാനം</u>.—അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കും.

6. <u>ചെയർമാൻ</u>.—(1) അതോറിറ്റിയുടെ ചെയർമാനെ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നാമനിർദ്ദേശം ചെയ്യുന്നതാണ്;

(2) ചെയർമാന്റെ ഔദ്യോഗിക കാലാവധി 5 വർഷക്കാലമായിരിക്കുന്നതാണ്.

7. <u>സെക്രട്ടറി</u>.—സർക്കാർ സർവ്വീസിലുള്ള അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അതോറിറ്റിയുടെ സെക്രട്ടറിയായി സർക്കാർ നിയമിക്കുന്നതാണ്.

8. <u>അതോറിറ്റിയുടെ കർത്തവ്യങ്ങൾ</u>.—(1) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൽനടക്കാർക്ക് ഉണ്ടാകുന്ന റോഡപകടങ്ങളെപ്പറ്റിയും അതിന്റെ കാരണങ്ങൾ സംബന്ധിച്ചും അത് നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ചുമുള്ള പഠനം നടത്തി ശിപാർശകൾ സർക്കാരിന് സമർപ്പിക്കുക;

(2) അപകടങ്ങൾ ഒഴിവാക്കുന്നതിനായി കാൽനടയാത്രക്കാർക്കും വാഹനമോടിക്കുന്നവർക്കും ബോധവൽക്കരണം നടത്തുക;

(3) കാൽനടക്കാർക്ക് ഉണ്ടാകുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സർക്കാരിന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക;

(4) അതോറിറ്റിക്ക് ജില്ലാടിസ്ഥാനത്തിൽ ജില്ലാതല അതോറിറ്റികൾ രൂപീകരിക്കേണ്ടതാണ്. അതതു ജില്ലകളിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, ജില്ലാ പോലീസ് മേധാവി, ജില്ലാ മെഡിക്കൽ ഓഫീസർ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റംഗങ്ങൾ എന്നിവർ സമിതിയിൽ അംഗങ്ങളായിരിക്കും;

(5) ജില്ലാതലത്തിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും ജില്ലാതല അതോറിറ്റികൾ സ്വീകരിക്കുകയും പരിഹരിക്കേണ്ടതുമാണ്.

9. <u>അതോറിറ്റിയുടെ അധികാരങ്ങൾ</u>.—(1) ജില്ലാതല അതോറിറ്റികളുടെ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിക്കും;

(2) ഈ ആക്ടിന്റെ കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുള്ള അധികാരം;

(3) ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിക്കുകയും അന്വേഷണം നടത്തി അതോറിറ്റിക്ക് ബോധ്യമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യുക;

(4) അതോറിറ്റിയുടെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുക.

10. അതോറിറ്റിയുടെ യോഗങ്ങൾ.—(1) ചെയർമാന്റെ നിർദ്ദേശാനുസരണം സെക്രട്ടറി അതോറിറ്റിയുടെ യോഗം വിളിച്ചുകൂട്ടേണ്ടതാണ്;

(2) അതോറിറ്റിയുടെ രണ്ടു യോഗങ്ങൾ തമ്മിൽ 6 മാസത്തിലധികം അന്തരം ഉണ്ടാകാൻ പാടില്ല;

(3) അതോറിറ്റിയുടെ യോഗങ്ങളിൽ ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ ഒരാളെ അദ്ധ്യക്ഷനായി നിർദ്ദേശിക്കാവുന്നതാണ്;

(4) യോഗത്തിനുള്ള ക്വാറം അതോറിറ്റിയിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

11. എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗ്ഗം.—അതോറിറ്റിയിൽ നിന്നുള്ളതും അതോറിറ്റിയിലേക്കുള്ളതുമായ എഴുത്തുകുത്തുകൾ സെക്രട്ടറിയുടെ പേരിൽ നടത്തേണ്ടതാണ്.

12. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;

(2) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനെ അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ വാഹന ബാഹുല്യവും റോഡുകളുടെയും നടപ്പാതകളുടെയും ദുരവസ്ഥയും റോഡ് മുറിച്ചുകടക്കുന്നതിന് ആവശ്യമായ സീബ്രാലൈനുകൾ ഇല്ലാത്തതും റോഡ് സുരക്ഷയിൽ കാൽനടയാത്രക്കാരുടെയും വാഹനമോടിക്കുന്നവരുടെയും അജ്ഞതയും കാൽനടക്കാർക്ക് ഉണ്ടാകുന്ന റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു. ഇക്കാര്യങ്ങൾ അടിയന്തരമായി പരിഗണിച്ച് കാൽനടയാത്രക്കാർക്ക് അപകടം കൂടാതെ റോഡിലൂടെയുള്ള യാത്രയ്ക്ക് അവരുടെ സുരക്ഷ ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഒരു അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് അതോറിറ്റി നിലവിൽ വരികയും പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽനിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദുചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതായ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

പി. ടി. തോമസ്, എം. എൽ. എ.